പാഠം 3 ജനുവരി 13–19

# ദൈവമോ മാമ്മോനോ?

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന്: സങ്കീ. 33:6–9; മത്താ. 19:16–22; 1 പത്രൊ. 1:18; എബ്രാ. 2:14–15; പുറ. 9:14; സങ്കീ. 50:10.**

**മനഃപാഠവാക്യം: "അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴംകാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും" ഫിലി. 2:9–11.**

ധനത്തോടും ഭൗതിക വസ്തുക്കളോടും ഉള്ള അമിതമായ ആഗ്രഹത്തെ വിശദീകരിക്കുവാൻ ദൈവം ഉപയോഗിക്കുന്നത് വളരെ അർത്ഥവത്തായ വാക്കുകളാണ്. ദൈവീക അനുഗ്രഹം പ്രാപിച്ചിട്ടും തനിക്കുണ്ടായിരുന്നവയെ ശേഖരിച്ചുവച്ച അത്യാഗ്രഹിയും ധനികനുമായ മാനുഷ്യനോടുള്ള ക്രിസ്തുവിന്റെ വാക്കുകൾ നമ്മിൽ ഭയം ഉളവാക്കേണ്ടതാണ്: "മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു" (ലൂക്കൊ. 12: 20–21).

ദൈവസേവയും ധനസേവയും പരസ്പരവിരുദ്ധവും നിഷേധാത്മകവുമായ പ്രവൃത്തികളാണ്. ഏതെങ്കിലും ഒന്ന് മാത്രമേ ആകാവൂ, ഒന്നുകിൽ ദൈവം അല്ലെങ്കിൽ ധനം അഥവാ മാമ്മോൻ. രണ്ടും ഒരുപോലെ കൊണ്ടുപോകാം എന്ന ചിന്ത വെറും ഭാവന മാത്രമാണ്. കാരണം ഇരട്ട ജീവിതം ഇന്നല്ലെങ്കിൽ നാളെ നമ്മെ പ്രതിസന്ധിയിൽ ആക്കും. നമുക്ക് മറ്റുള്ളവരെയും ഒരു പക്ഷേ നമ്മളെത്തന്നെയും വിഡ്ഢികളാക്കുവാൻ കഴിഞ്ഞേക്കാം, പക്ഷേ ദൈവത്തെ വിഡ്ഢിയാക്കുവാൻ കഴിയുകയില്ല. അവനോടു നാം ഒരുനാളിൽ കണക്കു ബോധിപ്പിക്കേണ്ടിവരും.

നാം ഒരു തെരഞ്ഞെടുപ്പ് നടത്തിയേ പറ്റൂ. കൂടുതൽ മടിച്ചു നിൽക്കുകയോ ഒഴികഴിവുകൾ പറയുകയോ നീട്ടി വയ്ക്കുകയോ ചെയ്യുന്തോറും ധനവും ധനത്തോടുള്ള സ്നേഹവും നമ്മുടെ ആത്മവിന്മേൽ ചെലുത്തുന്ന സ്വാധീനം അത്രയും പ്രബലവും തീവ്രവും ആയിരിക്കും. വിശ്വാസത്തിനു വേണ്ടത് ഒരു തീരുമാനമാണ്. നാം ദൈവത്തോട് എന്ത് കടപ്പെട്ടരിക്കുന്നു, അവൻ നമുക്കു വേണ്ടി എന്തു ചെയ്തു അവൻ നമ്മുടെ ആരാണ് എന്നീ കാര്യങ്ങൾ നമ്മുടെ തീരുമാനത്തെ സ്വാധീനിക്കുകയും എളുപ്പമുള്ളതാക്കുകയും ചെയ്യും.

**സൃഷടികർത്താവായ യേശു.**

**വായിക്കുക:** ഉല്പ. 1:1; സങ്കീ. 33: 6–9 യെശ.45:11–12; യിരെമ്യാ 51:15; യോഹ. 1:3. ഭൗതിക ലോകത്തിന്റെ നന്മയെക്കുറിച്ച് ഈ വാക്യങ്ങൾ എന്ത് പറയുന്നു?

"ഭൂമിക്ക് അടിസ്ഥാനം ഇട്ടതും ആകാശങ്ങളെ വിരിച്ചതും ക്രിസ്തു ആയിരുന്നു. വയലിലെ പൂക്കളെ അണിയിച്ചൊരുക്കിയതും ലോകങ്ങളെ അന്തരാളത്തിൽ തൂകിയതും അവന്റെ കരങ്ങളാണ്. "തന്റെ ശക്തിയാൽ പർവ്വതങ്ങളെ ഉറപ്പിക്കുന്നു" (സങ്കീ. 65:6). "സമുദ്രം അവനുള്ളതു; അവൻ അതിനെ ഉണ്ടാക്കി; കരയെയും അവന്റെ കൈകൾ മെനഞ്ഞിരിക്കുന്നു" (സങ്കീ. 95:5). വായുമണ്ഡലത്തെ ഗാനങ്ങളാലും ഭൂമിയെ ചാരുതയാലും നിറച്ചത് അവനാണ്. അങ്ങനെ ഭൂമിയിലുള്ള വായു, ആകാശം തുടങ്ങി സകലത്തിലും അവൻ പിതാവിന്റെ സ്നേഹമാകുന്ന സന്ദേശം എഴുതിച്ചേർത്തു" EGW DA, P 20.

ഭൗമിക വസ്തുക്കൾ ഉണ്ടാക്കുന്നതും സ്വന്തമാക്കുന്നതും ഒരു തെറ്റല്ല. ഈ പ്രപഞ്ചവും അതിലുള്ള പദാർത്ഥവും ദോഷവും ചീത്തയുമാണ്, ആത്മീക കാര്യങ്ങൾ മാത്രമാണ് നല്ലതു എന്ന് പഠിപ്പിക്കുന്ന ചില മതങ്ങളിൽ നിന്നും വ്യത്യസ്തമാണ് വേദപുസ്തകത്തിന്റെ ഉപദേശം. വേദപുസ്തകം ഭൗമിക ലോകത്തിനു വില കല്പിക്കുന്നു. ഈ ഭൂതലത്തെ സൃഷ്ടിച്ചത് യേശു തന്നെയാണ് എന്നിരിക്കെ അത് എങ്ങനെ ദോഷമുള്ളതാകും? ദൈവം തന്ന നന്മകളെ മുഴുവൻ വഴി പിഴപ്പിച്ചു തിന്മയ്ക്കായി ഉപയോഗിക്കുന്നതുകൊണ്ടാണ്, നിർഭാഗ്യവശാൽ, ദൈവസൃഷ്ടിയായ ഈ ഭൗതിക വസ്തുക്കൾ ദോഷമുള്ളതായി മാറുന്നത്. അതുകൊണ്ടു ദൈവത്തിന്റെ പ്രഥമമായ ദാനം ദോഷമാകുന്നു എന്നർത്ഥമില്ല. ദൈവസൃഷ്ടികൾക്കെതിരെയല്ല ബൈബിൾ നമുക്ക് മുന്നറിയിപ്പ് തരുന്നത്, സാധനങ്ങളുടെ ദുർവിനിയോഗത്തിനും തലതിരിഞ്ഞ ഉപയോഗത്തിനുമെതിരെയാണ്.

ഈ ലോകത്തിന്റെ നന്മകളെ തന്റെ ജനം അനുഭവിക്കണമെന്ന് തന്നെയാണ് ദൈവം ആഗ്രഹിച്ചത്. "നിന്റെ ദൈവമായ യഹോവ നിനക്കും നിന്റെ കുടുംബത്തിനും തന്നിട്ടുള്ള എല്ലാ നന്മയിലും നീയും ലേവ്യനും നിങ്ങളുടെ മദ്ധ്യേയുള്ള പരദേശിയും സന്തോഷിക്കേണം." (ആവ. 26:11;14:26 കാണുക).

യേശുവാണ് സ്രഷ്ടാവ് (യോഹ. 1:1–3). അവന്റെ സൃഷ്ടിയുടെ വെറും ഒരു മാതൃക മാത്രമാണ് ഈ ഭൂമി. അവന്റെ സൃഷ്ടിപാടവം അവനു ജീവിതത്തെക്കുറിച്ചും ഇവിടെ ജീവിക്കുന്നവരെക്കുറിച്ചും ഒരു അസാധാരണ കാഴ്ചപ്പാട് തന്നെ നൽകുന്നു. ഭൗമിക വസ്തുക്കളുടെ മൂല്യം അവനറിയാം. അതു നമ്മുടെ നന്മക്കും ആനന്ദത്തിനുമായി അവൻ തന്നതാണ്. ഈ ദാനങ്ങളെ മനുഷ്യർ വികടമാക്കുകയും അതിനായി മാത്രം ജീവിക്കുകയും ചെയ്യുമ്പോൾ എന്ത് സംഭവിക്കും എന്നും യേശുവിനറിയാം. ഇവയെ നമുക്ക് തന്നിരിക്കുന്നത് അവന്റെ നാമമഹത്വത്തിനായി അവയെ ഉപയോഗിക്കുന്നതിനാണ്.

ഈ ലോകത്തിന്റെ അവിശ്വസനീയമായ അനന്തതയിലേക്ക് ഒന്നു കണ്ണോടിക്കുക. പാപത്താലുണ്ടായ വലിയ നാശത്തിനുശേഷവും അനവധി നന്മകളെ നമുക്ക്

ഇന്നും കാണുവാൻ സാധിക്കുന്നുണ്ട്. ഈ ലോകത്തിലുള്ള നന്മകൾ അതിന്റെ സ്രഷ്ടാവിന്റെ നന്മകളെക്കുറിച്ച് എന്താണ് പറയുന്നത്?

**തിങ്കൾ** **ജനുവരി 15**

**ദൈവപുത്രൻ-മനുഷ്യപുത്രൻ**

യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയിരുന്നു എന്നാണ് നാം വിശ്വസിക്കുന്നത്. ദൈവികത്വവും മനുഷ്യത്വവും തമ്മിലുള്ള ഈ ഐക്യം നിത്യതയുടെയും ഭൗമീകതയുടെയും പ്രാധാന്യത്തെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാടിനെ അതുല്യമാക്കുന്നു. ദിവ്യപ്രകൃതവും മനുഷ്യപ്രകൃതവും ആയിരിക്കാൻ ഒരേ സമയത്ത് എങ്ങനെ സാധിക്കും എന്നത് നമുക്ക് ഗ്രഹിക്കാൻ സാധിക്കയില്ല എന്ന വസ്തുത ആ സത്യത്തെ ഒരുവിധത്തിലും ദുർബലമാക്കുന്നില്ല. വായൂ ചലന ശാസ്ത്രത്തെക്കുറിച്ച് ആർക്കെങ്കിലുമൊക്കെ ഗ്രാഹ്യമില്ല എന്ന കാരണത്താൽ വിമാനങ്ങൾ പറക്കാതിരിക്കുന്നില്ലല്ലോ.

"ഏകദൈവത്തിൽ മൂന്ന് വ്യക്തികൾ എന്നപോലെ തന്നെയുള്ള മറ്റൊരു മർമ്മമാണ് യേശുക്രിസ്തുവിൽ ദൈവവും മനുഷ്യനും ഏകീകരണം പ്രാപിക്കുന്നു എന്നത്. കെട്ടുകഥയെപ്പോലും വെല്ലുന്ന തരത്തിലുള്ളതാണ് ക്രിസ്തുവിന്റെ അവതാരം എന്ന വലുതും അതിവിചിത്രവുമായ സത്യം." Knowing God, P 53.

ദൈവം നമ്മെ ഓരോരുത്തരെയും എത്രമാത്രം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു എന്ന് കാണിക്കുകയായിരുന്നു യേശുവിന്റെ ആഗമനത്തിന്റെ ഒരു കാരണം. ചിലർ വിശ്വസിക്കുംപോലെ ദൂരത്തെവിടെയോ വസിക്കുന്ന നിരുന്മേഷനായ ദൈവം എന്നതിൽ നിന്നും വിഭിന്നമാണ് നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ യഥാർത്ഥ സ്വഭാവം എന്ന് യേശു വെളിപ്പെടുത്തി.

സാത്താൻ മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുവാൻ ശ്രമിച്ചു. നമ്മെ ശ്രദ്ധിക്കാത്തവൻ എന്ന് മുദ്ര കുത്തി യേശുവിനെ വ്യക്തിഹത്യ ചെയ്യുവാനും അവൻ ശ്രമിച്ചു. ദൈവ കൃപയെയും ദൈവിക വൈശിഷ്ട്യങ്ങളെയും നാം അറിയുകയോ അനുഭവിക്കുകയോ ചെയ്യരുത് എന്ന് അവൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ നിന്നും നമ്മെ ദൂരേക്ക് അകറ്റുവാനായി സാധ്യമായ സകല വഴികളും അവൻ ഉപയോഗിക്കുന്നു. ലൗകികതയോടുള്ള അമിതമായ നമ്മുടെ സ്നേഹം സാത്താന്റെ കയ്യിലെ സഹായകരമായ ആയുധമാണ്.

**വായിക്കുക:** മത്താ. 19: 16-22. ദൈവത്തിൽ നിന്നും നമ്മെ അകറ്റുവാനായി ലോകത്തോടുള്ള നമ്മുടെ സ്നേഹത്തെ സാത്താൻ ഉപയോഗിക്കുന്നു എന്നതിനെപ്പറ്റി ഈ കഥ എന്ത് പറയുന്നു?

ജഡ ശരീരമെടുത്ത ദൈവമായിരുന്നു യേശു. ആ യേശു തന്നെയാണ് ഈ യൗവ്വനക്കാരനോട് സംസാരിക്കുന്നത്. യേശു ഒരു അസാധാരണ വ്യക്തിയായിരുന്നു എന്ന ബോദ്ധ്യവും അവനുണ്ടായിരുന്നു. എന്നിട്ടും അവസാനം എന്ത് സംഭവിച്ചു? ദൈവത്തിൽ നിന്നും തന്നെ അകറ്റുവാൻ അവൻ തന്റെ ധനത്തെയും ഭൗതിക വസ്തുക്കളോടുള്ള സ്നേഹത്തെയും അനുവദിച്ചു. ലോകസ്നേഹം അവനെ

അന്ധനാക്കി മാറ്റി. 'ദുഃഖിച്ചു' എങ്കിലും ആ ദുഃഖം ശരിയിലേക്കു നയിച്ചില്ല. സമ്പത്തു നഷ്ടപ്പെടുമല്ലോ എന്നോർത്തല്ല അവൻ ദുഃഖിച്ചത്. സമ്പത്തു മൂലം നിത്യജീവൻ നഷ്ടപ്പെടുമല്ലോ എന്ന ദുഃഖമായിരുന്നു അവനുണ്ടായിരുന്നത്.

ലൗകിക വസ്തുക്കളോട് നമുക്കുള്ള ബന്ധം ശരിയായതാണെന്നു നമുക്കെങ്ങനെ ഉറപ്പാക്കുവാൻ കഴിയും?

**ചൊവ്വ** **ജനുവരി 16**

**ക്രിസ്തു എന്ന വീണ്ടെടുപ്പുകാരൻ**

കടം എന്നത് ഒരു സ്വർഗ്ഗീയ തത്വമല്ല. എന്നാൽ ആദമും ഹവ്വയും പാപം ചെയ്യുകയും മരണത്തിനധീനരാകുകയും ചെയ്തു. മനുഷ്യവർഗ്ഗം അങ്ങനെ ദൈവിക നീതിക്കു കടപ്പെട്ടവരായിത്തീർന്നു. ഒരിക്കലും മടക്കി കൊടുക്കുവാൻ ആകാത്തവിധം നാം പാപ്പരും ആത്മിക നിർധനരുമായിത്തീർന്നു.

നമ്മോടുള്ള ദൈവ സ്നേഹം രക്ഷാ പദ്ധതിയെ ചലനാത്മകമാക്കി. യേശു നമുക്ക് വേണ്ടി ജാമ്യക്കാരനും 'ഉത്തരവാദിയും' ആയിത്തീർന്നു (എബ്രാ. 7:22). വീണ്ടെടുപ്പുകാരൻ എന്ന നിലയിലുള്ള ക്രിസ്തുവിന്റെ വ്യക്തിത്വവും സവിശേഷതയുമാണ് പരമപ്രധാനമായ ഈ ഇടപാടിനെ പ്രകടമാക്കുന്നത്. അവന്റെ ജീവത്യാഗത്തിനു മാത്രമേ ദൈവ നീതിക്കാവശ്യമായതിനെ കൊടുത്തു തീർക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. നീതിയും കരുണയും ക്രൂശിങ്കൽ ആലിംഗനം ചെയ്യവേ നാം കടപ്പെട്ടിരുന്ന പാപകടത്തെ യേശു നമുക്കായി വീട്ടി. മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി ഉപയോഗിച്ചത്രയും ധനത്തിന്റെ പ്രദർശനം അഖിലാണ്ഡം അതിനു മുൻപൊരിക്കലും കാണുകയോ സാക്ഷ്യം വഹിക്കുകയോ ചെയ്തിട്ടില്ല. (എഫെ. 5:2).

"സ്വർഗ്ഗീയ ഭണ്ഡാരത്തെ മുഴുവൻ ഈ ഭൂമിയിലേക്ക് ചൊരിയുകയും സ്വർഗ്ഗത്തെ മുഴുവനും ക്രിസ്തുവിലൂടെ നമുക്കായി തരുകയും ചെയ്തതിലൂടെ ദൈവം ഓരോ മനുഷ്യന്റെയും മനഃസാക്ഷി, സ്നേഹം, മനസ്സ്, ആത്മാവ് എന്നിവയെ വിലക്ക് വാങ്ങി." EGW, COL P 326

**വായിക്കുക:** കൊലൊ. 1:13; 1 തെസ്സ 1:10; 1 പത്രൊ. 1:18; എബ്രാ.2:14-15; ഗലാ. 3:13; വെളി. 1:5 എന്തിൽ നിന്നൊക്കെയാണ് ക്രിസ്തു നമ്മെ രക്ഷിച്ചത്? ലിസ്റ്റ് ഉണ്ടാക്കുക.

ലോകത്തിൽ നാം സംസാരിച്ചിട്ടുള്ളതിൽ വച്ചേറ്റവും പ്രാധാന്യമുള്ള വാക്കായിട്ടാണ്, 'tetelestai' എന്ന ഗ്രീക്കു പദം അറിയപ്പെടുന്നത് (യോഹ. 19:30). 'നിവൃത്തിയായി' എന്നാണതിന്റെ അർത്ഥം. യേശു ക്രൂശിൽനിന്നും ഉച്ചരിച്ച അവസാന വക്കാണത്. അവന്റെ ഒടുവിലത്തെ പ്രഖ്യാപനത്തിന്റെ അർത്ഥം അവൻ തന്റെ ദൗത്യം വിജയകരമായി പൂർത്തീകരിക്കുകയും നമ്മുടെ കടം പൂർണ്ണമായും വീട്ടുകയും ചെയ്തു എന്നാണ്. പ്രത്യാശ നഷ്ടപ്പെട്ടവനെപ്പോലെ ആയിരുന്നില്ല, നാഷ്ടപ്പെട്ട ലോകത്തെ വീണ്ടെടുക്കുന്നതിൽ വിജയിച്ചവനായിട്ടാണ് അവൻ അത് പറഞ്ഞത്. വീണ്ടെടുപ്പിന്റെ ക്രൂശിൽ നാം കാണുന്നത് വർത്തമാനകാല പ്രഭാവവും ഭാവി പ്രത്യാശയുമുള്ള ഒരു ഭൂതകാല സംഭവത്തെയാണ്.

എന്നെന്നേക്കുമായി സാത്താന്റെ പ്രവൃത്തികളെയും പാപത്തെയും മരണത്തെയും നശിപ്പിക്കുന്നതിനായിട്ടാണ് യേശു തന്റെ ജീവനെ കൊടുത്തത്. അർഹതയില്ലാത്തവരെങ്കിലും നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഇതിന്റെ അർത്ഥം (എഫെ. 1:7). രക്ഷയുടെ അത്ഭുതങ്ങളെ അല്പമായെങ്കിലും ദർശിക്കുക എന്നാൽ വിശുദ്ധ സ്ഥലത്തു കാലൂന്നുക എന്നാണ്.

വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ ഏറ്റവും ഉദാത്തമായ പ്രതിബിംബമാണ്. അവന്റെ പരമോന്നത താല്പര്യം നമ്മുടെ വീണ്ടെടുപ്പാണ്. മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള അവന്റെ കാഴ്ചപ്പാടും നമുക്കുള്ള ബന്ധത്തിന് അവൻ കൊടുക്കുന്ന മൂല്യവുമാണ് ഇതു വെളിവാക്കുന്നത്. ദൈവ നീതിയെ തന്റെ യാഗത്തിലൂടെ അവൻ സംതൃപ്തനാക്കി. അതിനുശേഷം അവന്റെ യാഗത്തെക്കുറിച്ചുള്ള നമ്മുടെ പ്രതികരണത്തിനായി അവൻ തന്റെ കാതുകളെ തിരിച്ചിരിക്കുന്നു.

**ചിന്തിക്കുക**: താങ്കൾ എക്കാലവും ചെയ്ത സകല ദുഷ്ടതയുടെയും മറുവില ക്രിസ്തു പൂർണ്ണമായും കൊടുത്തു കഴിഞ്ഞിരിക്കുന്നു. താങ്കളുടെ പ്രതികരണം എന്ത്? (ഇയ്യോ. 42: 56 കാണുക).

**ബുധൻ** **ജനുവരി 17**

**തീക്ഷ്ണതയുള്ള ദൈവം**

ഫറവോനോടു ദൈവം പ്രസ്താവിക്കുന്നത്: "സർവ്വഭൂമിയിലും എന്നെപ്പോലെ മറ്റൊരുത്തനുമില്ല... ഭൃത്യന്മാരുടെമേലും നിന്റെ ജനത്തിന്മേലും അയയ്ക്കും" (പുറ. 9:14). 'സർവ്വഭൂമിയിലും എന്നെപ്പോലെ മറ്റൊരുത്തനുമില്ല' എന്നതിലൂടെ ദൈവം അർത്ഥമാക്കുന്നതെന്ത്?

"സർവ്വശക്തനായ ദൈവത്തിന്റെ പ്രവൃത്തികളും സ്വഭാവവും പൂർണ്ണമായി മനസ്സിലാക്കുവാൻ പരിമിതികളുള്ള മനുഷ്യ മനസ്സുകൾക്കു അസാധ്യമാണ്. ഏതു കുശാഗ്രബുദ്ധിക്കും ഏതു പ്രബലനും ഏതു വിദ്യാസമ്പന്നനും വിശുദ്ധനായ ദൈവം എക്കാലവും ഒരു നിഗൂഢത തന്നെ ആയിരിക്കും." Testimonies Vol.5 P 699.

ദൈവത്തിനു തുല്യൻ ഇല്ല. (1 രാജാ. 8: 59) നമുക്ക് ഗ്രഹിക്കുവാൻ കഴിയാത്ത വിധത്തിലാണ് അവൻ ചിന്തിക്കുകയും സ്മരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. നമ്മുടേതായ ഏതു പ്രതിച്ഛായയിലേക്കു നാം ദൈവത്തെ മാറ്റുവാൻ ശ്രമിച്ചാലും ദൈവം ദൈവമായിത്തന്നെ അവശേഷിക്കുന്നു. ഓരോ മഞ്ഞു പാളിയേയും മസ്തിഷ്ക്കത്തെയും, മുഖത്തെയും വ്യക്തിപരവും അതുല്യവുമായ നൈസർഗികതയെയും സൃഷ്ടിച്ചത് അവനാണ്. അവനെപ്പോലെ 'മറ്റൊരുത്തനുമില്ല' (1 രാജാ. 8: 59).

**വായിക്കുക:** 1 ശമൂ. 2:2; സങ്കീ. 86: 8; യെശ. 55: 8–9; യിരെ. 10:10; തീത്തൊ.1:2. തന്റെ സൃഷ്ടിയിൽനിന്നും ദൈവം എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു?

ദൈവത്തിന്റെ സമ്പൂർണ്ണതയെയും അവന്റെ സമ്പാദ്യങ്ങളെയും അവന്റെ സകല പ്രവൃത്തിയെയും വീക്ഷിക്കുമ്പോൾ അവനു പ്രതിയോഗികൾ ഉണ്ടാകുക എന്നത് സവിശേഷമായ കാര്യം തന്നെ. എങ്കിലും അവൻ മനുഷ്യസ്നേഹത്തി

നായി ആഗ്രഹിക്കുന്നു. അതുകൊണ്ടായിരിക്കും അവൻ 'തീക്ഷ്ണതയുള്ളവൻ' (അസൂയയുള്ളവൻ) എന്നു വിശേഷിപ്പിക്കപ്പെടുന്നത് (പുറ. 34:14). ദൈവം മനുഷ്യരെ സ്വതന്ത്രരായി സൃഷ്ടിച്ചു. ദൈവത്തെയോ മറ്റു എന്തെങ്കിലും വസ്തുവിനെയോ സേവിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. ഇത് തന്നെയാണ് ഒരു വിധത്തിൽ നമുക്കുള്ള പ്രധാന പ്രശ്നവും. ഏതു രൂപത്തിലിരിക്കുന്നു എന്ന് നോക്കാതെ ഇതര ദൈവങ്ങളെ ആരാധിക്കുക, അഖിലാണ്ഡത്തെ സൃഷ്ടിക്കുകയും അതിന്റെ ഉടമസ്ഥനായിരിക്കുകയും ചെയ്യുന്ന ആരാധനയ്ക്ക് യോഗ്യനായവനെ ഉപേക്ഷിക്കുക. ഇതിനാലാണ് തീർച്ചയായും ദൈവം അസൂയയും തീക്ഷ്ണതയുമുള്ളവനാകുന്നത്.

ദൈവത്തെക്കാളധികം നിങ്ങൾ സ്നേഹിക്കുന്ന വസ്തുക്കൾ ഉണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

**വ്യാഴം** **ജനുവരി 18**

**യഥാർത്ഥ ഉടമസ്ഥാവകാശം**

സൃഷ്ടിപ്പിനാലും വീണ്ടെടുപ്പിനാലും നാം ദൈവത്തിന്റെ വകയാണ്. നാം മാത്രമല്ല, നമുക്കുള്ളതൊക്കെയും ദൈവത്തിന്റേതാണ്. നമുക്ക് സ്വന്തമായുള്ളത് നമ്മുടെ തിരഞ്ഞെടുപ്പുകൾ മാത്രമാണ്. നാം കൈവശം വച്ചിരിക്കുന്നതിന്റെയൊക്കെ ഉടമസ്ഥാവകാശം നമുക്കാണ് എന്ന ആശയം വെറും ഒരു കേന്ദ്രീകൃത ലൗകീക സിദ്ധാന്തം മാത്രമാണ്. കൂടാതെ അതൊരു വഞ്ചനയുമാണ്. തങ്ങളുടെ കൈവശമുള്ളവയെല്ലാം തങ്ങളുടെ സ്വന്തമാണെന്നു ക്രിസ്ത്യാനികൾ ചിന്തിക്കുന്നുണ്ടെങ്കിൽ, ആ ചിന്ത തികച്ചും വേദവിരുദ്ധമായ ഒന്നാണ്.

ദൈവമാണ് സകലത്തിന്റെയും ഉടമസ്ഥൻ (ഇയ്യോ. 38: 4-11). നാം വാഗ്ദത്ത ദേശത്തായിരുന്ന യിസ്രായേൽ മക്കളെപ്പോലെ വെറും പരദേശികളും വന്നു പാർക്കുന്നവരുമത്രേ (ലേവ്യാ.25: 23). നമ്മുടെ അടുത്ത ശ്വാസത്തിനുപോലും നാം ദൈവത്തിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു (അപ്പൊ. 17:25). നമ്മുടെ സ്വന്തം എന്ന് നാം ചിന്തിക്കുന്നതൊക്കെയും അവന്റെ സ്വന്തമാണ്. നാം കാര്യസ്ഥന്മാർ മാത്രമാകുന്നു. ദൃശ്യവും അദൃശ്യവുമായ നമ്മുടെ സമ്പാദ്യങ്ങളൊക്കെയും നാം ദൈവനാമ മഹത്വത്തിനായി പരിപാലിക്കേണ്ടതാകുന്നു.

**വായിക്കുക:** ആവ. 10:14; സങ്കീ. 50:10; 104:16; യെഹെ. 18:4; ഹഗ്ഗാ. 2:8;1 കൊരി. 6:19-20. ദൈവത്തിനു അവകാശപ്പെട്ടിരുന്ന സാധനങ്ങൾ എന്തെല്ലാം? പട്ടിക തയ്യാറാക്കുക. നമ്മുടെ കൈവശമുള്ള വസ്തുക്കളെ നാം എങ്ങനെ വീക്ഷിക്കണമെന്നാണ് ഈ വാക്യങ്ങൾ നമ്മോടു പറയുന്നത്? "സകല വസ്തുക്കളും ദൈവത്തിനു സ്വന്തം. മനുഷ്യർ അവന്റെ അവകാശങ്ങളെ അവഗണിക്കാം. അവൻ തന്റെ മഹാമനസ്കതയാൽ ഈ അനുഗ്രഹങ്ങളെ അവരുടെ മേൽ ചൊരിയുമ്പോൾ അവർ അതിനെ അവരുടെ സ്വാർത്ഥ താൽപര്യങ്ങൾക്കായി ഉപയോഗിച്ചേക്കാമെങ്കിലും അവർ ഓരോരുത്തരും തങ്ങളുടെ കണക്കു ബോധിപ്പിക്കേണ്ടുന്നതിന് ഒരുനാളിൽ വിളിക്കപ്പെടും." Testimonies Vol 9 P 246.

മറ്റുള്ളവരുടെ നന്മയ്ക്കും അനുഗ്രഹത്തിനുമായി പ്രയോജനപ്പെടുകയും നമ്മെ സ്വർഗ്ഗത്തിനായി ഒരുക്കുവാൻ ഉതകുകയും ചെയ്യുന്ന ഒരു ബന്ധം ദൈവ

ത്തിന്റെ ഉടമസ്ഥാവകാശവും നമ്മുടെ കാര്യവിചാരകത്വവും അനുശാസിക്കുന്നു. അവിശ്വസ്തരായ കാര്യവിചാരകർ, ഉടമയെ നിയന്ത്രിക്കുവാൻ ശ്രമിക്കുകയും തന്റെ സമ്പാദ്യങ്ങളെ ഉപയോഗിക്കുന്നതിൽ നിന്നും വിലക്കുകയും ചെയ്യും. തന്റെ ഇഷ്ടത്തെ ദൈവം നമ്മിൽ അടിച്ചേല്പിക്കുന്നില്ല. അവൻ നമ്മെ സൃഷ്ടിക്കുകയും തന്റെ വരവു വരെയും പാലിക്കുകയും ചെയ്യുന്നതിനായി നമുക്ക് ഈ ലോകത്തിൽ സമ്പാദ്യ ങ്ങളെ തരുകയും ചെയ്തു. അവയെ എങ്ങനെ ഉപയോഗിക്കണം എന്നത് അവനു മായുള്ള നമ്മുടെ ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു.

നാം കൈവശം വച്ചിരിക്കുന്നതൊന്നും യഥാർത്ഥത്തിൽ നമ്മുടേതല്ല, ദൈവ ത്തിന്റേതാണ് എന്നതിനെക്കുറിച്ച് ചിന്തിക്കുക. താങ്കളുടെ ഉടമസ്ഥതയിലുള്ള സാധനങ്ങളുമായി താങ്കൾക്കുണ്ടാകേണ്ട ബന്ധം എങ്ങനെയുള്ളതായിരിക്കണം?

**വെള്ളി** **ജനുവരി 19**

ആദത്തെയും ഹൗവ്വയെയും ദൈവം മനോഹരമായ ഏദെൻ തോട്ടത്തെ സൂക്ഷിക്കാനായി അവിടെ ആക്കുന്നിടത്തുനിന്നുമാണ് കാര്യവിചാരകത്വം ആരംഭി ക്കുന്നത് (ഉല്പ. 2:15). ഉത്തമമായ ഈ സാഹചര്യത്തിൽ നിന്നുകൊണ്ട് ആ തോട്ടത്തെ സജീവമായി നിലനിർത്തുക എന്നതായിരുന്നു അവർ ചെയ്യേണ്ടിയി രുന്നത്. അതു കഠിനവുമായിരുന്നില്ല. ദൈവം അവരെ അത് അഭ്യസിപ്പിക്കുകയും അതിനായി നിയോഗിക്കുകയും ചെയ്തു. ഏദെൻ പരിപാലനം അവരുടെ പുതിയ കുടുംബ ജീവിതത്തിന് അർത്ഥവും സന്തോഷവും പ്രദാനം ചെയ്തു.

വാഴുക എന്ന വാക്കിന് നിയന്ത്രണത്തിൽ കൊണ്ടു വന്നു ഭരിക്കുക എന്നാണ് മൂല ഭാഷയിലുള്ള അർത്ഥം (ഉല്പ. 1:26–28). പൗരുഷവും കർക്കശവുമായ ഭരണത്തെ യല്ല, ദൈവ സൃഷ്ടിയെ കാരുണാർദ്രമായി പരിപാലിക്കുക എന്നതായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത് എന്ന് ഈ സന്ദർഭത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ഈ ഉത്തരവാദിത്വം നിന്നുപോയിട്ടില്ല. ദൈവം സൃഷ്ടിതാവും മനുഷ്യർ അവന്റെ കാര്യ വിചാരകന്മാരുമാണെന്ന വസ്തുത ആദവും ഹവ്വയും ഈ പരിസ്ഥിതിയിൽ പഠിക്കേ ണ്ടിയിരുന്നു. ഉത്തരവാദിത്വങ്ങളും വിശ്വാസവും ആദിമുതൽ തന്നെ ദൈവം അവരിൽ അർപ്പിച്ചു, ഉടമസ്ഥരായിട്ടല്ലായിരുന്നുതാനും. തങ്ങളെ ഏല്പിച്ച കൃത്യത്തിൽ അവർ ദൈവത്തോട് വിശ്വസ്തത പ്രകടിപ്പിക്കേണ്ടിയിരുന്നു.

“പരിപാലനത്തിനായാണ് ദൈവം ഏദെൻ തോട്ടത്തെ ആദിമ മനുഷ്യരെ ഏല്പിച്ചത്. ‘വേല ചെയ്‌വാനും കാപ്പാനും’ ആണ് അവിടെ ആക്കിയത്. തങ്ങളുടെ ജോലിയിൽ അവർ സന്തുഷ്ടരായിരുന്നു. മനസ്സും ഹൃദയവും ഇച്ഛയും പരിപൂർണ്ണ ഐക്യത്തിൽ പ്രവർത്തിച്ചു. അദ്ധ്വാനം അവർക്ക് ക്ഷീണമോ കഷ്ടതയോ കൊടു ത്തില്ല. അവരുടെ മണിക്കൂറുകൾ ഉപകാരപ്രദമായ പ്രവൃത്തിയിലൂടെയും പരസ്പര സംസർഗ്ഗത്തിലൂടെയും ധന്യമായി. അവരുടെ ജോലി ഹൃദ്യമായതായിരുന്നു. ദൈവവും ക്രിസ്തുവും അവരെ സന്ദർശിക്കുകയും അവരോടു സംസാരിക്കുകയും ചെയ്തു. പരിപൂർണ്ണ സ്വാതന്ത്ര്യം അവർ അനുഭവിച്ചു... അവരുടെ ഭവനമായ ഏദെന്റ ഉടമസ്ഥൻ ദൈവമായിരുന്നു. അവർ അവന്റെ ഉടമസ്ഥാവകാശത്തെ മാനിച്ചു” Mansuscripts Vol. 10 P 327.

**ചർച്ച ചെയ്യുക:**

1. പരിസ്ഥിതിയുമായുള്ള ബന്ധത്തിൽ ദൈവത്തിന്റെ ഉടമസ്ഥത നമ്മിൽ എന്ത് കടമകളെ ഉണർത്തുന്നു? സൃഷ്ടിയെ ആരാധിക്കുന്ന ചില പരിസ്ഥിതി വാദികളുടെ രാഷ്ട്രീയ ഉന്മത്തതയെ നാം പരിത്യജിക്കേണ്ടതാണെങ്കിലും ക്രിസ്ത്യാനികൾ എന്ന നിലയിൽ പരിസ്ഥിതിയോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം?

2. ദൈവം തീക്ഷ്ണതയുള്ളവൻ(അസൂയ)എന്ന ആശയത്തെക്കുറിച്ചു ചിന്തിക്കുക. നമ്മെ സംബന്ധിച്ചിടത്തോളം അസൂയ എന്നത് ഉപേക്ഷിക്കപ്പെടേണ്ട ഒരു മോശപ്പെട്ട കാര്യമാണ്. ദൈവവുമായി ബന്ധപ്പെടുത്തി നമുക്കതിനെ എങ്ങനെ മനസ്സിലാക്കാം. ലോകം കൊടുക്കുന്ന മോശം അർത്ഥം അവിടെ അതിനു ബാധകമാണോ?

3. ദൈവസൃഷ്ടിയുടെ ഉചിതമായ ഉപയോഗം അല്ലെങ്കിൽ ആസ്വാദനം എന്നതും ദുരുപയോഗവും നിങ്ങൾ എങ്ങനെ തിരിച്ചറിയും?